പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 4

# 2026-ലെ മദ്രാസ് ഹിന്ദു മത-ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ

©

കേരളനിയമസഭാ സെക്രട്ടേറിയറ്റ്

2026

കേരളനിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 4

# 2026-ലെ മദ്രാസ് ഹിന്ദു മത-ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ

1293/2026.

പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 4

# 2026-ലെ മദ്രാസ് ഹിന്ദു മത-ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ

1951-ലെ മദ്രാസ് ഹിന്ദു മത-ധർമ്മ എൻഡോവ്മെന്റുകൾ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1951-ലെ മദ്രാസ് ഹിന്ദു മത-ധർമ്മ എൻഡോവ്മെന്റുകൾ ആക്റ്റ് (1951-ലെ XIX-ാം മദ്രാസ് ആക്റ്റ്) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.— (1) ഈ ആക്റ്റിന് 2026-ലെ മദ്രാസ് ഹിന്ദു മത-ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന അത്തരം തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. 70-ാം വകുപ്പിന്റെ ഭേദഗതി.—1951-ലെ മദ്രാസ് ഹിന്ദു മത-ധർമ്മ എൻഡോവ്മെന്റുകൾ ആക്റ്റിലെ (1951-ലെ XIX-ാം മദ്രാസ് ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 70-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിൽ, "ഫസലി വർഷം" എന്ന വാക്കുകൾക്ക് പകരം, "സാമ്പത്തിക വർഷം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(2) (2)-ാം ഉപവകുപ്പ് (സി) ഖണ്ഡത്തിൽ, "ഫസലി വർഷം" എന്ന വാക്കുകൾക്ക് പകരം, "സാമ്പത്തിക വർഷം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. 71-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 71-ാം വകുപ്പ് (2)ഉം (4)ഉം ഉപവകുപ്പുകളിൽ, "ഫസലി വർഷം" എന്ന വാക്കുകൾ എവിടെയെല്ലാം വരുന്നുവോ അതിനുപകരം "സാമ്പത്തിക വർഷം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. 76-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 76-ാം വകുപ്പ്, (2)-ാം ഉപവകുപ്പിൽ, "ഫസലി വർഷം" എന്ന വാക്കുകൾക്ക് പകരം, "സാമ്പത്തിക വർഷം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

1293/2026.

5. 79-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്ടിലെ 79-ാം വകുപ്പിൽ, "ഫസലിസ്", "ഫസലി" എന്നീ വാക്കുകൾ എവിടെയെല്ലാം വരുന്നുവോ അതിനുപകരം "സാമ്പത്തിക വർഷങ്ങൾ", "സാമ്പത്തിക വർഷം" എന്നീ വാക്കുകൾ യഥാക്രമം ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1951-ലെ മദ്രാസ് ഹിന്ദു മത - ധർമ്മ എൻഡോവ്മെന്റുകൾ ആക്ടിന്റെ പരിധിയിൽ വരുന്ന മത സ്ഥാപനങ്ങളുടെയും എൻഡോവ്മെന്റുകളുടെയും ഭരണനിർവ്വഹണവുമായി ബന്ധപ്പെട്ട കണക്കുകൾ, ഓഡിറ്റ്, ആനുകാലിക റിട്ടേണുകൾ, റിപ്പോർട്ടുകൾ, ഓഡിറ്റ് റിപ്പോർട്ടിന്റെ മാതൃകയും ഉള്ളടക്കവും തുടങ്ങിയവ ഫസലി വർഷം അടിസ്ഥാനമാക്കിയാണ് പരിപാലിച്ചു വരുന്നത്. എന്നാൽ, മലബാർ ദേവസ്വം ബോർഡ് പ്രവർത്തിച്ചു വരുന്നത് പ്രധാനമായും കേരള സർക്കാരിന്റെ ബജറ്റ് ഗ്രാന്റിലും അതിന്റെ എല്ലാ രേഖകളും കൈകാര്യം ചെയ്തു വരുന്നത് സാമ്പത്തിക വർഷത്തിന്റെ അടിസ്ഥാനത്തിലുമാണ്. സർക്കാരുമായി ബന്ധപ്പെട്ട എല്ലാ സാമ്പത്തിക കണക്കുകളും ആദായനികുതി വകുപ്പ്, ബജറ്റുകൾ, അസ്സസ്മെന്റുകളും ക്ഷേത്രങ്ങൾക്കായി അനുവദിക്കുന്ന തുക എന്നിവ ഉൾപ്പെടെ, സാമ്പത്തിക വർഷത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്നതിനാൽ, കലണ്ടർ വർഷത്തെ അടിസ്ഥാനമാക്കി ക്ഷേത്ര കണക്കുകൾ തയ്യാറാക്കുന്നത് ഭരണാധികാരികൾക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്. ആയതിനാൽ, അത് പൊരുത്തപ്പെടുത്തുന്നതിനും പ്രശ്നം പരിഹരിക്കുന്നതിനുമായി, പ്രസ്തുത ആക്ടിൽ ഉചിതമായ ഭേദഗതികൾ വരുത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

അതിനാൽ, പ്രസ്തുത ആക്ടിന്റെ 70, 71, 76, 79 എന്നീ വകുപ്പുകളിൽ അനുയോജ്യമായ ഭേദഗതികൾ വരുത്തുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

കെ. മുരളീധരൻ

(ശരിത്തർജ്ജമ)

# 1951-ലെ മദ്രാസ് ഹിന്ദു മത-ധർമ്മ എൻഡോവ്മെന്റുകൾ ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

## [1951-ലെ XIX-ാം മദ്രാസ് ആക്റ്റ്]

** ** ** **

70. മതസ്ഥാപനങ്ങളുടെ ബജറ്റുകൾ.—(1) ഓരോ മതസ്ഥാപനത്തിന്റെയും ട്രസ്റ്റി, ഓരോ വർഷവും മാർച്ച് അവസാനിക്കുന്നതിന് മുമ്പ്, കമ്മീഷണർ നിശ്ചയിക്കുന്ന അത്തരം മാതൃകയിൽ, തൊട്ടടുത്ത ഫസലി വർഷത്തിൽ സ്ഥാപനത്തിനുണ്ടാകാൻ സാധ്യതയുള്ള വരവുകളും ചിലവുകളും കാണിക്കുന്ന ബജറ്റ്:—

(ക) സ്ഥാപനം ഏരിയ കമ്മിറ്റിയുടെ അധികാര പരിധിയിലുള്ളതാണെങ്കിൽ, പ്രസ്തുത ഏരിയ കമ്മിറ്റിക്കും;

(ഖ) മറ്റ് കാര്യങ്ങളിൽ, കമ്മീഷണർക്കും സമർപ്പിക്കേണ്ടതാണ്.

(2) ** **

** ** ** **

(ഗ) സ്ഥാപനവുമായി ബന്ധപ്പെട്ട കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികളും നവീകരണവും; ഈ ഖണ്ഡത്തിന് കീഴിൽ വകയിരുത്തുന്ന തുക മുൻ ഫസലി വർഷത്തിൽ മൂവായിരം രൂപയിൽ കവിയാത്ത വരുമാനത്തിന് 76-ാം വകുപ്പ് പ്രകാരവും വിഹിതത്തിന് അസസ്സ് ചെയ്ത സ്ഥാപനമാണെങ്കിൽ അതിന്റെ വരുമാനത്തിന്റെ പത്ത് ശതമാനത്തിൽ കുറയാതെയു മായിരിക്കണം; മറ്റ് ഏതൊരു സ്ഥാപനത്തിന്റെയും കാര്യത്തിൽ വരുമാനത്തിന്റെ ഇരുപത്തഞ്ച് ശതമാനത്തിൽ കുറയാതെയോ, മൂവായിരം രൂപ വരെയുള്ള വരുമാനത്തിന്റെ പത്ത് ശതമാനവും അതിനുമുകളിലുള്ള വരുമാനത്തിന്റെ മുഴുവൻ തുകയും ചേർന്ന തുകയോ, ഇതിൽ ഏതാണോ കുറവ്, അതിൽ കുറയാതെയുമായിരിക്കണം:

എന്നാൽ, വരുമാനം (ക), (ഖ) ഖണ്ഡങ്ങളിൽ പരാമർശിച്ചിട്ടുള്ള ചിലവുകളെക്കാൾ കൂടാത്തതോ വേണ്ടത്ര കവിയാത്തതോ ആയ ഏതൊരു സ്ഥാപനത്തെയും, കമ്മീഷണർക്ക് ഈ ഖണ്ഡത്തിലെ ആവശ്യകതയിൽ നിന്ന് പൂർണ്ണമായോ ഭാഗികമായോ അതത് സംഗതിപോലെ ഒഴിവാക്കാവുന്നതാണ്.

71. കണക്കുകളും ഓഡിറ്റും.—(1) ഓരോ മതസ്ഥാപനത്തിന്റെയും ട്രസ്റ്റി ക്രമമായ എല്ലാ വരവ് ചിലവ് കണക്കുകളും സൂക്ഷിക്കേണ്ടതാണ്.

(2) തൊട്ടുമുമ്പത്തെ ഫസലി വർഷത്തിൽ 76-ാം വകുപ്പിന്റെ ആവശ്യങ്ങൾക്കായി കണക്കാക്കിയ വാർഷിക വരുമാനം അറുപതിനായിരം രൂപയിൽ കുറയാതെയുള്ള ഓരോ

മതസ്ഥാപനത്തിന്റെയും കണക്കുകൾ 'കൺകറന്റ് ഓഡിറ്റിന് വിധേയമായിരിക്കണം, അതായത് ചിലവ് സംഭവിക്കുന്ന മുറയ്ക്ക് ഓഡിറ്റ് നടക്കേണ്ടതാണ്.

** ** ** **

(4) ഓഡിറ്റ് നടത്തേണ്ടത്.—

(ക) തൊട്ടുമുമ്പത്തെ ഫസലി വർഷത്തിൽ വാർഷിക വരുമാനം ആയിരം രൂപയിൽ കുറയാത്ത മതസ്ഥാപനത്തിന്റെ കാര്യത്തിൽ, നിർദ്ദിഷ്ട രീതിയിൽ നിയമിക്കപ്പെടുന്ന ഓഡിറ്റർ മുഖേന ആയിരിക്കേണ്ടതും അവരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിയിൽപ്പെടുന്ന പൊതുസേവകരായി കണക്കാക്കപ്പെടേണ്ടതുമാണ്.

** ** ** **

76. <u>മതസ്ഥാപനങ്ങൾ സർക്കാരിലേക്ക് വാർഷിക വിഹിതം നൽകേണ്ടതാണ്</u>.—(1) ** **

** ** ** **

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള വിഹിതം ചുമത്തുന്നതിനായി തൊട്ടുമുമ്പത്തെ ഫസലി വർഷത്തിൽ, കണക്കാക്കിയ പ്രകാരം വാർഷിക വരുമാനം ആയിരം രൂപയിൽ കുറയാതെയുള്ള ഓരോ മതസ്ഥാപനവും, അതിന്റെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിനുള്ള ചിലവുകൾ നേരിടുന്നതിനായി, കമ്മീഷണർ നിർണ്ണയിച്ചേക്കാവുന്ന പ്രകാരം അതിന്റെ വരുമാനത്തിന്റെ ഒന്നര ശതമാനത്തിൽ കവിയാത്തവിധം തുക സർക്കാരിലേക്ക് പ്രതിവർഷം നൽകേണ്ടതാണ്.

** ** ** **

79. <u>അസ്സസ്മെന്റ് നോട്ടീസ് പുറപ്പെടുവിക്കുന്ന ഫസലിക്ക് തൊട്ടുമുമ്പുള്ള മൂന്ന് ഫസലികളിൽ കൂടുതൽ കാലയളവിലേക്ക് വിഹിതം ഈടാക്കാൻ പാടില്ല</u>.—(1) 78-ാം വകുപ്പ് പ്രകാരം അസ്സസ്മെന്റ് നോട്ടീസ് പുറപ്പെടുവിക്കുന്ന ഫസലിക്ക് തൊട്ടുമുമ്പുള്ള മൂന്ന് ഫസലികളിൽ കൂടുതൽ കാലയളവിലേക്ക് വിഹിതം ഈടാക്കാൻ കമ്മീഷണർക്ക് അധികാരമുണ്ടായിരിക്കുന്നതല്ല.

** ** ** **

---